ഡിപ്പോ	സബ് ഡിപ്പോ
ആലുവ	ചിറ്റൂർ
ഗുരുവായൂർ	മലപ്പുറം
പാലക്കാട്	താമരശ്ശേരി
കോഴിക്കോട്	കൽപ്പറ്റ
സുൽത്താൻബത്തേരി	മാനന്തവാടി
കണ്ണൂർ	പയ്യന്നൂർ
കാസർഗോഡ്	ചടയമംഗലം
	പേരൂർക്കട
	മാള
	കണിയാപുരം
	തൊട്ടിൽപ്പാലം
	ചാത്തന്നൂർ

(ഡി) ഉണ്ട്. നഷ്ടത്തിൽ ഓടുന്ന റൂട്ടുകൾ പുനഃക്രമീകരിച്ചും, കമ്പ്യൂട്ടറൈസേഷൻ, ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ മുതലായ ആധുനികവൽക്കരണം നടത്തിയും, ഡിപ്പോകളിലെ ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അപകടത്തിൽപ്പെട്ട കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ

73 [5629] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യുടെ എത്ര വാഹനങ്ങൾ അപകടത്തിൽപെട്ടു എന്ന് വെളിപ്പെടുത്താമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ് അപകടങ്ങൾമൂലം എത്ര പേർ മരണപ്പെട്ടു എന്നും, എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് എന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തുതുക നഷ്ടപരിഹാരം ഇനത്തിൽ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001 ഏപ്രിൽ മാസം മുതൽ 2003 ജൂലൈ 31 വരെ 3185 അപകടങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 399 പേർ മരണമടയുകയും 4917 പേർക്ക് പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്.

(സി) 6,77,45,978 രൂപ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ സ്റ്റേ ബസ്സുകൾ നിർത്തലാക്കിയ നടപടി

74 [5630] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കെ.എസ്.ആർ.ടി.സി.-യുടെ എത്ര സ്റ്റേ ബസ്സുകളാണ് കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ നിർത്തലാക്കിയത്;

(ബി) സ്റ്റേ ബസ്സുകൾ വ്യാപകമായി നിർത്തലാക്കിയതിനെത്തുടർന്ന് യാത്രക്കാർക്കുണ്ടായിരുന്ന യാത്രാദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്തനംതിട്ട ഗ്യാരേജിൽനിന്നും പുറപ്പെട്ടിരുന്ന വെച്ചൂച്ചിറ, പെരിനാട് സ്റ്റേ ബസ്സുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തു രൂപയിൽ താഴെ ഇ.പി.കെ.എം.ഉള്ള 87 സ്റ്റേ ട്രിപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. ഇതിനു പരിഹാരമായി സ്റ്റേ ട്രിപ്പുകളുടെ സമയത്തിൽ മാറ്റം വരുത്തിയും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലും കോർപ്പറേഷന് ലാഭകരമായ രീതിയിലും അതിരാവിലേയും രാത്രിയിലും സർവ്വീസ് നടത്തുന്നുണ്ട്.

(സി) പെരിനാട് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വെച്ചൂച്ചിറ സ്റ്റേ സർവ്വീസ് പുനരാരംഭിക്കാൻ തൽക്കാലം ഉദ്ദേശമില്ല.

കെ.എസ്.ആർ.ടി.സി. വാങ്ങിയ വിവിധ സ്പെയർ പാർട്ടുകൾ

75 [5631] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ സ്പെയർപാർട്ടുകൾ ഏതു കമ്പനികളിൽനിന്നും വാങ്ങിയിട്ടുണ്ട്; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര തുക കൊടുത്തുതീർത്തിട്ടുണ്ട്; എത്ര തുക കൊടുത്തു തീർക്കാനുണ്ട്;

(സി) ഏതെല്ലാം ടയറും ട്യൂബും ഉൾപ്പെടെ സ്പെയർപാർട്ടുകൾ എത്ര വീതം ഏതു കമ്പനി സാധനങ്ങൾ, എത്ര രൂപാ നിരക്കിൽ വാങ്ങിയിട്ടുണ്ട്; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ പഴകിയ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിൽപ്പന നടത്തിയിട്ടുണ്ട്; ഓരോ ബസ്സും എത്ര രൂപയ്ക്കാണ് വിറ്റത്; സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാർ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയ്ക്ക് ഏതു കമ്പനി പെയിന്റുകൾ, തടികൾ, ബാറ്ററികൾ തുടങ്ങിയവ വാങ്ങിയിട്ടുണ്ട്; വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly